പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം

നം. 2793

07.12..2018-ൽ മറുപടിയ്ക്ക്

## ജില്ലകളിൽ സാംസ്കാരിക സമുച്ചയം

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എം. മുകേഷ്
ശ്രീ. എം. രാജഗോപാലൻ

(എ) രാജ്യത്ത് സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും പുരാതന വിജ്ഞാനത്തെയും ചരിത്ര സ്മാരകങ്ങളേയും കാവിവൽക്കരിക്കാൻ ശ്രമം നടക്കുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ, ജനാധിപത്യപരമായ സാംസ്കാരിക ഇടങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിച്ച കൊണ്ട് ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) സംസ്കൃതത്തിൽ അവഗാഹമുള്ള സാംസ്കാരിക നായകരുടെ കൂട്ടായ്മയായ സംസ്കൃത സംഘം നടത്തിയ രാമായണ പാരായണത്തിനെതിരെ ഒരു ഭാഷയുടെ പോലും കുത്തകാവകാശം ഏറ്റെടുത്തു കൊണ്ട് ചില ശക്തികൾ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ) സാംസ്കാരിക ബഹുസ്വരതയും ആവിഷ്കാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഏകീകരണത്തിനുമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർവായന, സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, 2016-17 ബജറ്റ് പ്രസംഗത്തിൽ KIIFB ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രഖ്യാപിച്ചത്. 3 മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്ത് 50 കോടി വീതം ചിലവിൽ വിപുലമായ സാംസ്കാരിക സമുച്ചയങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും, അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുകയും, പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ടി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മറ്റു ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവർത്തികളും പുരോഗമിച്ചു വരുന്നു.

(ബി) സർക്കാർ തലത്തിൽ സാംസ്കൃത സംഘം പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.
രാമായണ വായനയുടെ മാഹാത്മ്യം ഉൾക്കൊണ്ട് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും മലയാളം സർവ്വകലാശാലയും സംയുക്തമായി എഴുത്തച്ഛനെയും അദ്ദേഹത്തിന്റെ കൃതികളെയും പ്രചരിപ്പിക്കുകയെന്ന

എതിർപ്പുന്നയിച്ചിരുന്നത് ശ്രദ്ധയിൽ പ്പെട്ടിരുന്നോ, ഇത്തരുണത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലീകരിക്കാനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

ഉദ്ദേശത്തോടെ എഴുത്തച്ഛൻ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചിരുന്നു. മതനിരപേക്ഷ സമൂഹത്തിന്റെ പൊതു ഇടമായി ഗ്രന്ഥശാലകളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടർന്നു വരുന്നത്. ഇതിന്റെ ഭാഗമായ 'ജാഗ്രത' എന്ന പേരിൽ ഒരു സാംസ്കാരിക ജാഥ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ചത് സാംസ്കാരികമായ കടമ നിർവ്വഹിക്കുകയെന്ന ഉദ്ദേശത്തിലാണ്.

(സി) ഗ്രാമപ്രദേശങ്ങളിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി) ഉണ്ട്. സാംസ്കാരിക വകുപ്പ്, ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ 'നാട്ടരങ്ങ്' എന്ന പേരിൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സാംസ്കാരിക കൂട്ടായ്മകളുടെ പ്രവർത്തന വേദിയായും കലാ പ്രകടനങ്ങളുടെ രംഗവേദിയായും ഉപയോഗിക്കത്തക്ക പൊതു ഇടങ്ങൾ നിർമ്മിച്ച് സംരക്ഷിച്ച് നിലനിർത്തുകയാണ് ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യ പ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരത്തെ മാനവീയം വീഥിയുടെ മാതൃകയിൽ വികസിപ്പിച്ചെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യഘട്ടമായി 5 ലക്ഷം രൂപ വീതം ചെലവ് വരുന്ന 10 നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 2205-00-102-80(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 11/06/2018 ലെ സ.ഉ(സാധാ) നം. 388/2018/സാം.കാ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ